**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1697** **13.7.2011-ൽ മറുപടിക്ക്**

# കരിമണൽ ഖനനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.സദാശിവൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് കരിമണൽ ഖനനം എവിടെയെല്ലാമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കരിമണൽ ഖനനത്തിനായി പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് എന്നീ കമ്പനികൾക്കാണ് അനുവാദം കൊടുത്തിട്ടുള്ളത്. കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡിന് 11.12.1972ലെ ജി.ഒ(എം.എസ്)355/72/ഐഡി പ്രകാരം അനുവദിച്ച ലീസ് കാലാവധി 8.7.2006ൽ തീർന്നു. മേൽ സൂചിപ്പിച്ച ലീസ് പുതുക്കുന്നതിനായി കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് അപേക്ഷ സമർപ്പിക്കുകയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ നീണ്ടകര, ചവറ, പന്മന, വടക്കുംതല, കരുനാഗപ്പള്ളി, പുതുപ്പള്ളി കുലശേഖരപുരം എന്നീ വില്ലേജുകളിൽപ്പെട്ട 203.602 ഹെക്ടർ സ്ഥലത്ത് 20 വർഷത്തേയ്ക്ക് ലീസ് അനുവദിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ച ലീസ് കൂടാതെ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിന് ചവറ, നീണ്ടകര വില്ലേജുകളിൽ 67.087 ഹെക്ടറിലും, തെക്കുംഭാഗം ചവറ, പന്മന എന്നീ വില്ലേജുകളിലെ 102.77 ഹെക്ടറിലും, ആലപ്പാട് വില്ലേജിലെ 4.80 ഹെക്ടർ സ്ഥലത്തും, പന്മന, ആലപ്പാട്, അയണിവേലിക്കുളങ്ങര വില്ലേജിൽപ്പെട്ട 130 ഹെക്ടർ സ്ഥലത്തും ലീസ് അനുവദിക്കപ്പെട്ടു |

| | |
|---|---|
| (ബി) കരിമണലിന്റെ ആവശ്യകതയുടെ പേരിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ അവഗണിച്ച് പുതുതായി എവിടെയെങ്കിലും കരിമണൽ ഖനനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇല്ല |

സെക്ഷൻ ഓഫീസർ